കാര്യങ്ങൾ ഓർമ്മിപ്പിച്ചുതരാറുണ്ട്. അങ്ങേക്ക് നന്ദി. ഞാൻ ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്കിനോട് ഒരു കാര്യം പറയട്ടെ! അദ്ദേഹമാണ് ഈ ചർച്ച തുടങ്ങിയപ്പോൾ ആദ്യദിവസം സംസാരിച്ച രണ്ടാമത്തെയാൾ. എസ്. എൻ. സി. ലാവ്‌ലിൻ കരാറിനെ സംബന്ധിച്ച് അദ്ദേഹം ഒരു പുകമറ സൃഷ്ടിച്ചിരിക്കുകയാണ്.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്. അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. എൻ. പ്രതാപൻ : പള്ളിവാസൽ, പന്നിയാർ, ചെങ്കുളം പവർ സ്റ്റേഷനുകളുടെ നവീകരണം സംബന്ധിച്ച് വൈദ്യുതി ബോർഡുമായി അടിസ്ഥാന കരാർ ഒപ്പിട്ടത് 1998-ലാണെന്ന് എസ്. എൻ. സി. ലാവ്‌ലിന്റെ വാർഷിക റിപ്പോർട്ടും വ്യക്തമാക്കിയിരിക്കുന്നു. ഡോ. തോമസ് ഐസക്, എസ്. എൻ. സി. ലാവ്‌ലിന്റെ വാർഷിക റിപ്പോർട്ടിനെപ്പറ്റിയുള്ളത് ഇന്റർനെറ്റിൽ നിന്ന് വളരെ വ്യക്തമായി കിട്ടും. അതിലൊരു കാര്യം വളരെ വ്യക്തമായി പറയുന്നു. 1998-ൽ തന്നെയാണ് ഈ അന്തിമ കരാർ ഉണ്ടാക്കിയതെന്ന്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ചർച്ചയിൽ ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചു. ഇത് ചെയ്തത് ശ്രീ. ജി. കാർത്തികേയൻ മന്ത്രിയും, ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ആയിരുന്നപ്പോഴാണ്. അന്ന് ഉണ്ടാക്കിയ കരാറിനെ സംബന്ധിച്ചും അവിടെ അവരുടെ വാർഷിക റിപ്പോർട്ടിൽ പറയുന്നുണ്ട്. 1996-ലെ കരാർ എന്നത് വെറും കൺസൾട്ടൻസി കരാർ മാത്രമാണെന്ന് ഇതിൽ പറയുന്നുണ്ട്. നിങ്ങൾ നോക്കിയാൽ മനസ്സിലാകും. ..... (ബഹളം).....1998-ൽ അന്തിമകരാർ നടപ്പാക്കിയെന്നു തന്നെയാണ് ഇന്റർനെറ്റിലൂടെ ലഭിച്ച വാർഷിക റിപ്പോർട്ടിൽ പറയുന്നത്. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് അങ്ങയുടെ ഓഫീസിൽ കമ്പ്യൂട്ടറുണ്ടല്ലോ? അങ്ങ് കമ്പ്യൂട്ടർ നോക്കാറുണ്ടല്ലോ? അങ്ങ് എസ്. എൻ. സി. ലാവ്‌ലിന്റെ വെബ്സൈറ്റിൽ നിന്ന് വാർഷിക റിപ്പോർട്ട് എടുക്കണം. അതിൽ വളരെ ക്ലിയറായി കമ്പനി പറയുന്നുണ്ട്..... (ബഹളം).....എസ്. എൻ. സി. ലാവ്‌ലിന്റെ വാർഷിക റിപ്പോർട്ടിൽ അവർ നമ്മളെ ഞെട്ടിപ്പിക്കുന്ന ഒരു കാര്യം പറയുന്നുണ്ട്. 1998-99-ലെ വാർഷിക റിപ്പോർട്ടിൽ എസ്. എൻ. സി. ലാവ്‌ലിന്റെ വരുമാനത്തിൽ ഏറ്റവും വലിയ പങ്ക് വഹിച്ചത് കേരളമാണെന്നും കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡാണെന്നും പറയുന്നുണ്ട്. ഡോ. തോമസ് ഐസക് അങ്ങ് ഇത് വായിക്കണം. എനിക്ക് മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. ബഹുമാനപ്പെട്ട അങ്ങ് ഇത് സി.ബി.ഐ.-യെ ക്കൊണ്ട് അന്വേഷിപ്പിക്കണം. എസ്. എൻ. സി. ലാവ്‌ലിൻ സംബന്ധിച്ച കാര്യം സി.ബി.ഐ. അന്വേഷിച്ചിട്ട് കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാൻ നടപടി ഉണ്ടാകണം. അതിനങ്ങ് തയ്യാറാകണം എന്ന് പറഞ്ഞുകൊണ്ട് ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ശക്തിയുക്തം എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു..... (ബഹളം).....

V. വ്യക്തിപരമായ വിശദീകരണം

ശ്രീ. ടി. എം. ജേക്കബ് : സർ, ഇപ്പോൾ തന്നെ പറയാം. പറഞ്ഞല്ലോ.....അങ്ങ് വലിയ സ്പീക്കർ ആകല്ലേ ഇവിടെയിരുന്ന്..... (ബഹളം).....എന്നാൽ അങ്ങോട്ട് കയറിയിരിക്ക്..... (ബഹളം).....അറിയാം. അതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞത്. ഇതിന് ഇവിടെ ചട്ടവും നടപടിക്രമങ്ങളുമൊക്കെയുണ്ട്. ഇവിടെ എഴുതി തന്നത് എന്താണ്? അങ്ങ് പറഞ്ഞല്ലോ എഴുതി തന്നു എന്ന്. ഇവിടെ എഴുതി തന്നതും പറഞ്ഞതുമെന്താണ്? ഞാൻ ശ്രീ. ടി. എൻ. പ്രതാപന്റെ പ്രസംഗം തുടങ്ങുന്ന സമയത്ത് ശ്രീ. രാധാകൃഷ്ണന്റേയും ഡോ. തോമസ് ഐസക്കിന്റേയും അടുത്ത് ഇരിക്കുകയായിരുന്നു. സാധാരണ ഗതിയിൽ നടപടിച്ചട്ടമെന്താണ്? ഡിബേറ്റ് ആരംഭിക്കുന്നതിന് മുമ്പ് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ എഴുതിത്തരണം. അതാണ് ചട്ടം. ഞാൻ അന്ന് ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായിട്ട് എഴുതിക്കൊടുത്തു. സ്പീക്കറെ രാവിലെ വിളിച്ചു ഞാൻ സംസാരിച്ചു. ഇന്നയിന്ന കാര്യമാണെന്ന് ഞാൻ സ്പെസിഫിക്കായി എഴുതിക്കൊടുത്തു. ഞാൻ പറഞ്ഞത് ശ്രീ. ഉമ്മൻ ചാണ്ടിക്ക് കൊണ്ടു എന്നതിന്റെ തെളിവല്ലേ ഇപ്പോൾ ഇവിടെ ഗോഗ്വാ കാണിച്ചത്..... (ബഹളം).....അല്ലേ?

മി. ചെയർമാൻ : അങ്ങയുടെ പേഴ്സണൽ എക്സ്പ്ലനേഷനെപ്പറ്റി പറയണം.

ശ്രീ. ടി. എം. ജേക്കബ് : ചെയറിൽ അങ്ങ് ആണല്ലോ. അല്ലെങ്കിൽ ഈ വേഷം കെട്ടിക്കൽ കാണിക്കില്ലായിരുന്നല്ലോ? ഈ പറയുന്ന മഹാന്റെയൊക്കെ പ്രതാപം പറയിപ്പിക്കാതിരിക്കുന്നതാണ് നല്ലത്. എഴുതിത്തന്നത് എന്താണ്? ഇന്ന് എന്റെ പ്രസംഗത്തിൽ, ഈ സഭയിലെ മറ്റൊരംഗമായ ടി. എം. ജേക്കബ് കഴിഞ്ഞ കാലഘട്ടങ്ങളിൽ അനധികൃതമായി സമ്പാദിച്ച ഭൂമിയിടപാടിനെ സംബന്ധിച്ചും അദ്ദേഹത്തിന്റെ ബന്ധുക്കളുടെ ഭൂമിയിടപാടിനെ സമ്പന്ധിച്ചും പരാമർശിക്കാൻ അനുമതി തരണമെന്ന് അഭ്യർത്ഥിക്കുന്നു എന്നാണ്. ഇങ്ങനെയാണോ ഒരു അലിഗേഷൻ ഉന്നയിക്കുക? ആണോ? എന്നിട്ടിവിടെ ഒരു നീണ്ട ലിസ്റ്റ് വായിച്ചു. ഒന്ന് അദ്ദേഹം തൃശൂർക്കാരനാണെന്നാണ് എന്റെ അറിവ്. ഇപ്പോൾത്തന്നെ ആറേഴ് പ്രാവശ്യം ഗൾഫിൽ പോയി വന്നിട്ടുണ്ട്..... (ബഹളം)..... 11 പ്രാവശ്യം.

മി. ചെയർമാൻ : പ്ലീസ്.....അദ്ദേഹം എക്സ്പ്ലെയിൻ ചെയ്യട്ടെ..... (ബഹളം).....പ്ലീസ്.....അങ്ങ് സംസാരിക്കണം..... (ബഹളം).....

ശ്രീ. ടി. എം. ജേക്കബ് : ശ്രീ. രാധാകൃഷ്ണൻ ഇരിക്കൂ. I am in possession of the House. ഞാൻ പറയട്ടെ, എനിക്ക് പറയാൻ സ്പീക്കർ അനുവാദം തന്നു. നിങ്ങൾ ശ്രീ. പ്രതാപനെക്കൊണ്ട് പറയിച്ചപ്പോൾ ഞാൻ മിണ്ടാതിരുന്നു. Personal explanation ആണല്ലോ ഞാൻ പറയുന്നത്. എന്നാൽ ശ്രീ. രാധാകൃഷ്ണൻ എഴുതിത്തരൂ. ഞാൻ വായിക്കാം. എന്നെ ശ്രീ. രാധാകൃഷ്ണൻ പഠിപ്പിക്കേണ്ട..... (ബഹളം).....

മി. ചെയർമാൻ : Please continue. ശ്രീ. ജോണി നെല്ലൂർ ഇരിക്കൂ. ശ്രീ. ടി. കെ. ദേവകുമാർ ഇരിക്കൂ. അദ്ദേഹത്തെ പറയാൻ അനുവദിക്കണം. അത് ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർ പറയാനുള്ളത് പറയണം..... (ബഹളം).....ഇത് ശരിയല്ല.....നിങ്ങൾ ഇരിക്കണം.....

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ഇവിടെ പറഞ്ഞത് ഇദ്ദേഹം പത്തുപന്ത്രണ്ടു പ്രാവശ്യം അവിടെ പോയി വന്നതുകൊണ്ട് ഇവിടെ നടന്ന കാര്യങ്ങളൊന്നും അറിഞ്ഞുകാണില്ല എന്നാണ്. ഇദ്ദേഹം പോയത് എന്തിനാണെന്ന് അന്വേഷിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ : അങ്ങ് ഗൾഫിൽ പോയിട്ടില്ലേ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ പോയിട്ടില്ല.

മി. ചെയർമാൻ : എല്ലാവരും പോയിട്ടില്ലേ?

ശ്രീ. ടി. എം. ജേക്കബ് : ഞാൻ ഗൾഫിലെങ്ങും പോയിട്ടില്ല.

മി. ചെയർമാൻ : എത്ര പേർ പോകുന്നു. പിന്നെ അത് പറഞ്ഞിട്ടെന്ത് കാര്യം.....അങ്ങനെയൊന്നും പറയരുത്.....അങ്ങേക്ക് പറയാനുള്ളത് പറയണം.

ശ്രീ. ടി. എം. ജേക്കബ്: പോകുന്നതൊക്കെ എന്തിനാണെന്ന് അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്.

മി. ചെയർമാൻ : Please continue.....നിങ്ങൾ അവിടെ ഇരിക്കൂ..... (ബഹളം).....നടത്താൻ പറ്റും.....ഞാൻ നടത്തിക്കോളാം.....Please..... ഇരിക്കൂ.....അങ്ങ് continue ചെയ്യണം. ബഹുമാനപ്പെട്ട ടി. എം. ജേക്കബ് പറയണം.

ശ്രീ. ടി. എം. ജേക്കബ് : എനിക്ക് അധികം ഒച്ചയുണ്ടാക്കാൻ പറ്റില്ല.

മി. ചെയർമാൻ : സാധാരണ ഗതിയിൽ ..... (ബഹളം)..... ശരിയല്ലിത്..... ശ്രീ. ജയരാജൻ ഇരിക്കണം.....ഇത് ശരിയല്ല .....(ബഹളം).....സാധാരണ ഗതിയിൽ Personal explanation-നുള്ള സമയം ഈ സഭയിൽ അവസാന സമയത്താണ് കൊടുക്കാറുള്ളത്. എന്നിട്ടും അദ്ദേഹം ഒരു സംശയം പ്രകടിപ്പിച്ചതിന്റെ പേരിലാണ് ഇപ്പോൾ തന്നെ അവസരം കൊടുത്തത്.....അതുകൊണ്ട് അദ്ദേഹത്തെ പറയാൻ അനുവദിക്കണം.....(ബഹളം).....

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ : Please take your seat. എന്നെ മാത്രമല്ല ഈ ചെയറിൽ ഇരിക്കുന്ന ആരെയും ബഹുമാനിക്കണം. Please take your seat.....ഓരോ സ്ഥാനത്തിരിക്കുന്നവരും മാന്യത കാണിക്കണം..... Please take your seat .....(ബഹളം).....Please continue.....

ശ്രീ. ടി. എം. ജേക്കബ് : സർ, അങ്ങ് ഈ ചെയറിൽ ഉണ്ടായിരുന്നെങ്കിൽ ഈ പ്രശ്നങ്ങൾ ഉണ്ടാകില്ലായിരുന്നു. ഈ കടലാസ് എന്റെ കൈയിൽ കിട്ടിക്കഴിഞ്ഞ ഉടൻ ഞാൻ അങ്ങയുടെ ചേമ്പറിൽ വന്നു. ആ കടലാസ് കാണിച്ചു. മുൻ സ്പീക്കറും അവിടെ ഉണ്ടായിരുന്നു. അവിടെ വച്ചുതന്നെ ഇത് vague ആയിട്ടാണ് എഴുതിയിരിക്കുന്നതെന്ന് ഞാൻ പറഞ്ഞു.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ടി. എം. ജേക്കബ് അങ്ങേക്ക് പറയാൻ സമയം തന്നു.

ശ്രീ. ടി. എം. ജേക്കബ് : എനിക്ക് ഒച്ചവെയ്ക്കാൻ കഴിയില്ല.

മി. സ്പീക്കർ : അങ്ങേക്ക് Personal explanation-ന് സമയം തന്നു.

ശ്രീ. ടി. എം. ജേക്കബ് : ആക്ഷേപം ഉന്നയിക്കുന്നതിന് എനിക്ക് കുഴപ്പമില്ല.

.....(ബഹളം)..... പരിശോധിച്ചാൽ അങ്ങേക്കറിയാം. ഞാൻ രണ്ടു വാചകമേ പറഞ്ഞിട്ടുള്ളൂ. ആക്ഷേപം എഴുതി തന്ന് ഉന്നയിക്കുന്നതിന് എനിക്ക് പരാതിയില്ല. ശ്രീ. പ്രതാപൻ ഒന്ന് മനസ്സിലാക്കേണ്ടത് .....(ബഹളം). .....

മി. സ്പീക്കർ : Please ജേക്കബ്.....

ശ്രീ. ടി. എം. ജേക്കബ് : സർ, എന്റെ വീട് എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ തിരുമാറാടി വില്ലേജിൽ ആണ്. ആ തിരുമാറാടി വില്ലേജിൽ ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞ അത്രയും സ്ഥലമല്ല എനിക്കുള്ളത്, ഇഷ്ടം പോലെ ഭൂമിയുണ്ട്. എസ്റ്റേറ്റ് ഉണ്ട്. ധാരാളം റബ്ബർ കിട്ടുന്നുണ്ട്. Ancestral ആയി കിട്ടിയ ധാരാളം ഭൂമിയുണ്ട്. അങ്ങനെ കിട്ടിയ ഭൂമി ഞാൻ എന്റെ മകന് എഴുതിക്കൊടുത്തു. വേറെ ആർക്കാണ് കൊടുക്കേണ്ടത്? ശ്രീ. ടി. എൻ. പ്രതാപന് കൊടുക്കണോ? എന്റെ മകന് 28 വയസ്സ് കഴിഞ്ഞു. അവൻ വിവാഹിതനാണ്. അവന്റെ ഭാര്യ എയ്ഡഡ് കോളേജിലെ അധ്യാപികയാണ്. അവർ സ്വന്തം വരുമാനമുള്ളവരാണ്. ഇവിടെ പറഞ്ഞ 10 സെന്റ്, 5 സെന്റൊന്നും അല്ല. എന്റെ വീട്ടിൽ വന്നിട്ടുള്ള പല ആൾക്കാരും ഈ സഭയിൽ ഉണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ് വന്ന് അവിടെ താമസിച്ചിട്ടുണ്ട്. തിരുമാറാടി വില്ലേജിൽ ഏറ്റവും വലിയ വീട്, ആ വീട് വച്ച അന്നുമുതൽ ഇന്നുവരെ ഏറ്റവും വലിയ വീട് എന്റേതാണ്. 1963-ൽ എന്റെ പിതാവ് വച്ചതാണ്.

മി. സ്പീക്കർ: ആരുടെ പേരിൽ ആരോപണം ഉന്നയിച്ചാലും Personal explanation- നു സമയം കൊടുക്കണം.

ശ്രീ. ടി. എം. ജേക്കബ് : എന്റെ ഭാര്യയുടെ വീടും തിരുമാറാടി വില്ലേജിൽ ആണ്. ശ്രീമതി പെണ്ണമ്മ ജേക്കബ് അന്തരിക്കുന്ന അവസരത്തിൽ അവരുടെ പേരിൽ ഉണ്ടായിരുന്ന പ്രോപ്പർട്ടി എന്റെ ഭാര്യയുടെ പേരിൽ എഴുതിക്കൊടുത്തു. എന്റെ ഭാര്യ അത് മകന്റെ പേരിൽ എഴുതിക്കൊടുത്തു. ഞങ്ങൾ പിന്നെ ആർക്കാണ് എഴുതിക്കൊടുക്കേണ്ടത്? ഇക്കാര്യം നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാം. ചോറ്റാനിക്കരയിലെ രണ്ടേക്കർ ഇരുപത്താറുസെന്റ് ശ്രീ. പ്രതാപന് സൗജന്യമായി തന്നേക്കാം.....വായിച്ച കൂട്ടത്തിൽപ്പെട്ടതാണ്. പിറവം നിയോജകമണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും പാർട്ടി ഓഫീസ് ഉണ്ട്. പാർട്ടിക്കുവേണ്ടി വാങ്ങുമ്പോൾ ആരുടേയെങ്കിലും പേരിൽ ആധാരം എഴുതണ്ടേ? ഒന്നും എന്റെ പേരിൽ അല്ല വാങ്ങിച്ചിരിക്കുന്നത്. പാർട്ടിക്കുവേണ്ടി തിരുവാങ്കുളം പഞ്ചായത്ത്, ചോറ്റാനിക്കര പഞ്ചായത്ത്, ആമ്പല്ലൂർ പഞ്ചായത്ത്, മുളന്തുരുത്തി പഞ്ചായത്ത്, പാമ്പാക്കട പഞ്ചായത്ത്, രാമമംഗലം പഞ്ചായത്ത്, എന്നീ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിലെല്ലാം അഞ്ചു സെന്റും ഏഴു സെന്റും പത്തു സെന്റുമൊക്കെയുണ്ട്. ചില സ്ഥലങ്ങളിൽ ചെറിയ ചെറിയ കെട്ടിടങ്ങളും ഉണ്ട്. വീരശൂരപ്രതാപം പറയുന്ന ശ്രീ. ടി. എൻ. പ്രതാപന്റെ പാർട്ടിക്ക് അവിടെ ഒരു ആഫീസ് പോലും ഇല്ല. നിങ്ങൾ അന്വേഷിക്കൂ. ഞങ്ങളുടെ പാർട്ടി അവിടെ ശക്തമായ ഒരു പാർട്ടിയാണ്. അവിടെ മാത്രമല്ല, മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലുമുണ്ട്. കോതമംഗലം നിയോജകമണ്ഡലത്തിലുമുണ്ട്. പെരുമ്പാവൂർ മണ്ഡലത്തിലുമുണ്ട്. ഒരു പാർട്ടിയുടെ പേരിൽ അവിടേയും ഇവിടേയും അഞ്ചു സെൻറും എട്ടു സെന്റും പത്തു സെന്റുമൊക്കെ ഭൂമിയും അതിനകത്തിരിക്കുന്ന കൊച്ചു കെട്ടിടങ്ങളുമൊക്കെ അവിഹിതമായി സമ്പാദിച്ച സ്വത്താണെന്ന് പറയണമെങ്കിൽ കാണ്ടാമൃഗത്തിന്റെ തൊലിക്കട്ടിയേക്കാൾ കട്ടിയാണ് നിങ്ങളുടെ തൊലിക്കട്ടി എന്ന കാര്യത്തിൽ സംശയം വേണ്ട. അനധികൃതമായി ഒന്നും സമ്പാദിച്ചിട്ടില്ല. ശ്രീ. ഉമ്മൻ ചാണ്ടി വീരശൂരപരാക്രമിയായി അവിടെ ഇരിക്കുകയല്ലേ? നിങ്ങളുടെ പ്രിയ നേതാവിനോട് അന്വേഷിക്കാൻ പറയൂ. തികച്ചും അടിസ്ഥാനരഹിതമായ ആക്ഷേപമാണിത്. ഞാൻ ഇവിടെ അങ്ങേക്ക് എഴുതിത്തന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിക്കെതിരെ ഉന്നയിച്ച ആരോപണങ്ങൾ കുറിക്കുകൊണ്ടു എന്നുള്ളതിന് തെളിവാണ് ഇത്. ഒരു കാര്യം ചെയ്യാം. ശ്രീ. ഉമ്മൻചാണ്ടിക്കെതിരെ ഞാൻ ഉന്നയിച്ച ആക്ഷേപങ്ങളും ശ്രീ. ടി. എൻ. പ്രതാപൻ എനിക്കെതിരെ ഉന്നയിച്ച ആക്ഷേപങ്ങളും നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ ധൈര്യമുണ്ടോ?.....(ബഹളം)..... രണ്ടും വിടാം. രണ്ടും ഞാൻ ഏറ്റിരിക്കുന്നു. രണ്ടും നമുക്ക് അന്വേഷിക്കാം. ധൈര്യമുണ്ടെങ്കിൽ വെല്ലുവിളി ഏറ്റെടുക്കൂ. ഉണ്ടോ?.....(ബഹളം)..... അന്വേഷിക്കൂ.....

മി. സ്പീക്കർ: പ്ളീസ്.....അങ്ങേക്കറിയാമല്ലോ, പേഴ്സണൽ എക്സ്പ്ളനേഷനിൽ കാര്യങ്ങൾ നിഷേധിക്കാനല്ലാതെ മറ്റ് കാര്യങ്ങൾക്ക് പറ്റുമോ? അങ്ങേക്ക് എന്താണ് പറയിയത്? പ്ളീസ്.....

ശ്രീ. ടി. എം. ജേക്കബ് : മലർന്ന് കിടന്ന് തുപ്പരുത് എന്ന് ശ്രീ. ടി. എൻ. പ്രതാപനോട് ഞാൻ പറയുകയാണ്. ഇപ്പോൾ അധികാരവും ചെങ്കോലുമെല്ലാം നിങ്ങളുടെ കയ്യിലുണ്ട്. നിങ്ങൾ എന്നോട് ഒരു ദയയും ദാക്ഷിണ്യവും കാണിക്കേണ്ട. നിങ്ങളുടെ ഔദാര്യവും എനിക്കു വേണ്ട. ശ്രീ. ഉമ്മൻചാണ്ടീ, ഞാൻ നിങ്ങളെ വെല്ലുവിളിച്ചു പറയുന്നു നിങ്ങളുടെ ഔദാര്യം എനിക്കു വേണ്ട. നിങ്ങളെ ഈ കസേരയിൽ നിന്ന് ഇറക്കി നിങ്ങളുടെ അഹങ്കാരം കുറയ്ക്കാൻ, ശ്രീ. പ്രതാപന്റെയടക്കം അഹങ്കാരം കുറയ്ക്കാനുള്ള മുന്നേറ്റമാണ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അവിടെ ഞങ്ങൾ വിജയിക്കും.

[അവിശ്വാസപ്രമേയം (ചർച്ച തുടർച്ച)]

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച അവിശ്വാസപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുകയാണ്. അവിശ്വാസപ്രമേയം അവതരിപ്പിച്ചിട്ട് ഈ ഗവൺമെന്റിനെതിരെ ഒന്നും പറയാനില്ലാതെ പുലിവാലു പിടിച്ച നിലയിലാണ് പ്രതിപക്ഷം നിൽക്കുന്നത്. ഇത് ഞങ്ങൾ പറഞ്ഞതല്ല. ഞായറാഴ്ച എ. കെ. ജി. സെന്ററിൽ എൽ. ഡി. എഫ്.-ന്റെ യോഗം കൂടി. ആ സംസ്ഥാനസമിതി യോഗം സംബന്ധിച്ച് പത്രങ്ങളിൽ വന്ന വാർത്തയിലും കേരളത്തിലെ ദൃശ്യമാധ്യമങ്ങളിൽ വന്ന വാർത്തയിലും എന്താണ് പറഞ്ഞത്? അവിശ്വാസപ്രമേയം

LIBRARY ARCHIVES Kerala Legislative Assembly